# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/alp/P4-387/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-14,1-15 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/alp/P4-387/2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു സി ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1, സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2, ദീപാ കെ ഗോപാൽ, അസി. ഓഡിറ്റ് ഓഫീസർ
3, ഷിബു .എ). പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4, ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | |
| നിഷ. എൻ . തയ്യിൽ | സെക്രട്ടറി | 01-04-2019 | 29-12-2019 |
| മുരുകേഷ് ബാബു | സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല | 30-12-2019 | 04-01-2020 |
| നിഷ. എൻ . തയ്യിൽ | സെക്രട്ടറി | 05-01-2020 | 31-03-2020 |
| പുഷ്പരാജൻ | കൃഷി ഓഫീസർ | 17-02-2020 | 31-03-2020 |
| ഐശ്വര്യ ബാബു | വേറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സുമ .ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 06-12-2019 |
| റാണി . എസ് .നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-12-2019 | 31-03-2020 |
| ഡോ ശാരിപ്രിയ | ഓഫീസർ (പി എച്ച് സി) | 01-04-2019 | 24-03-2020 |
| ലാവണ്യ | ഓഫീസർ (പി എച്ച് സി) | 25-03-2020 | 31-03-2020 |
| ഡോ. മനോജ് ശങ്കര നാരായണ അയ്യർ | മെഡികൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. രമ്യ.ഡി. തിലകൻ | മെഡികൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ .അഞ്ജിത്ത് .ബി.മോഹൻ | അസ്സി . എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| അമ്പിളി ഭാസ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| മുരുകേഷ് ബാബു | അസ്സി . സെക്രട്ടറി | 01-04-2019 | 31-03-2020 |
| അപ്പൻ . വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| മായാ ഗോപാലകൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 16-02-2020 |
| ഹംലത്ത് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 28-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 28-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 03-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 31-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa.K.Gopal (Asst. Audit Officer, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 03-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 21-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 21-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Lakshmikanth P (Auditor, On 30-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | 1-11 |
| 12 | ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഈടാക്കിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: Lakshmikanth P (Auditor, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 03-04-2021) | 1-12 |
| 13 | ലൈസൻസ് ഫീസ് കുറവ് ഈടാക്കി - പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: Lakshmikanth P (Auditor, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 03-04-2021) | 1-13 |
| 14 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 29-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | 1-14 |
| 15 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച - (OS No.42/2012, AS No.21/2018) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 03-04-2021) | 1-15 |
| 16 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (S0097/17,120/20) – ഇതേ വരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 31-03-2021) | 1-16 |
| 17 | ഹരിതകർമ്മസേനയുടെ പ്രവർത്തനം സുതാര്യമല്ല.<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി | 1-18 |

| | | |
|---|---|---|
| | നടപ്പിലാക്കുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | |
| 19 | സ്ട്രീറ്റ് ലൈറ്റ് കൃത്യമായി മീറ്ററിംഗ് ഇല്ല കറണ്ട് ചാർജ്ജിൽ ഇരട്ടിപ്പുണ്ടാവുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-19 |
| 20 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി (പി.എം.സി ) യഥാസമയം യോഗം കൂടുന്നില്ല<br>Written By: Lakshmikanth P (Auditor, On 23-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-20 |
| 21 | ധനവിനിയോഗപത്രം ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-21 |
| 22 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ചെലവിന്റെ നിജസ്ഥിതി ബോധ്യമായിട്ടില്ല<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-22 |
| 23 | ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-23 |
| 24 | അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചില്ല<br>Written By: A.P.Shibu (Senior Grade Auditor, On 29-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-24 |
| 25 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ പരിശോധനയും ഉപകരണം വാങ്ങലും - പദ്ധതി നടത്തിപ്പിൽ അപാകത .<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-25 |
| 26 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-26 |
| 27 | ഗ്രാമസഭ – അവലോകനം<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-27 |
| 28 | ലൈഫ് പദ്ധതി - അവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 31-03-2021) | 1-28 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa.K.Gopal (Asst. Audit Officer, On 30-03-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lakshmikanth P (Auditor, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lakshmikanth P (Auditor, On 30-03-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 09-04-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 15.02.19 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 200950000 | 202159000 |
| വാർഷിക കണക്ക് പ്രകാരം | 57606806 | 62159740 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 11.05.2020 | ഇല്ല | ഇല്ല |

വാർഷിക ധനവിവരപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. I - 3, RP- 3 എന്നീ ഹെഡ്ഡുകളിൽ റെന്റ് ഫ്രം ലീസ് ഓഫ് ലാന്റ് എന്നയിനത്തിൽ 70000/- രൂപയാണ് ഡിമാന്റും കളക്ഷനുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 442070/- രൂപയാണ് ഈയിനത്തിന്റെ ഡിമാന്റും കളക്ഷനും.

2. I-3, RP-3 എന്നിവ പ്രകാരം റെന്റ് ഫ്രം ബിൽഡിങ്സ് എന്നയിനത്തിൽ 503862/- രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. രജിസ്റ്റർ പ്രാകാരം ഈയിനത്തിന്റെ കളക്ഷൻ 498478/- രൂപയാണ്. എന്നാൽ അക്കൌണ്ട്സ് RP –43 യിൽ കളക്ഷനായി 378319/- രൂപയും 18-19 അക്കൌണ്ട്സ് B-9 പ്രകാരം ഈയിനത്തിന്റെ അഡ്വാൻസ് കളക്ഷൻ 123501/- ഉം ഉൾപ്പെടെ 501820/- രൂപയാണ് കളക്ഷൻ. അക്കൌണ്ട്സിലെ കണക്ക് പ്രകാരം 2098/- രൂപ മാത്രമാണ് ഈയിനത്തിൽ കുടിശ്ശികയുള്ളത്. രജിസ്റ്റർ പ്രകാരം 5390/- രൂപയാണ് കുടിശ്ശിക.

3. റെന്റ് ഫ്രം ബിൽഡിങ്സ് എന്നയിനത്തിന്റെ അഡ്വാൻസ് കളക്ഷനായി RP-46 ലും B-9 ലും 61665/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം 73415/- രൂപയാണ് ഈയിനത്തിലെ അഡ്വാൻസ് കളക്ഷൻ.

4. വസ്തുനികുതി സാംഖ്യയിലേയും സഞ്ചയയിലേയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ബാലൻസ് ഷീറ്റ് B-9 ൽ ഉൾപ്പെടുത്തിയിരിക്കുന്നവ 4/2020 ലെ ബിൽ രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | അക്കൌണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക | ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക |
|---|---|---|
| നെറ്റ് സാലറി പേയബിൾ | 313126 | 301918 |
| പെൻഷൻ കോണ്ട്രിബ്യൂഷൻ പേയബിൾ | 127660 | 55447 |
| ജനറൽ പ്രോവിഡന്റ് ഫണ്ട് | 49960 | 35960 |

6. ജി.ഒ.(ആർ.റ്റി.) 6105/2019 Fin തീ. 1.8.2019 പ്രാകാരം 66176/- രൂപയും 6. ജി.ഒ.(ആർ.റ്റി.) 10050 /2019 Fin തീ. 21.12.2019 പ്രാകാരം 66177/- രൂപയും ലൈഫ് വായ്പ മുതൽ തിരിച്ചടവായി വികസനഫണ്ട് (എസ്സ്.സി.) വിഹിതത്തിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ ഉണ്ടെങ്കിലും സുലേഖയിൽ ഇതിന് പ്രോജക്ട് വച്ച് ചെലവ് രേഖപ്പെടുത്തിയിട്ടില്ല. എ.സി.ആർ.ലും അക്കൌണ്ട്സിലും ഈ ചെലവ് ഉൾപ്പെട്ടിട്ടില്ല.

7. വിവിധ ക്ഷേമ പെൻഷനുകൾ - അക്കൌണ്ട്സിലേയും ബിംസിലേയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| പെൻഷൻ ടൈപ്പ് | അക്കൌണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക | ബിംസിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4560600 | 6388200 |
| വാർദ്ധക്യകാല പെൻഷൻ | 8175300 | 11570700 |
| വികലാംഗ പെൻഷൻ | 1365700 | 1922100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 236400 | 297600 |
| വിധവാ പെൻഷൻ | 4116000 | 5348400 |

8. 3.12.2019 ലെ 11901050023 നമ്പർ രസീത് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 13920/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും അക്കൌണ്ട്സിൽ ഈയിനത്തിൽ യാതൊരു തുകയും ഉൾപ്പെടുത്തിയിട്ടില്ല.

9)അക്കൌണ്ട്സ്/സാംഖ്യാ എ.സി.ആർ പ്രകാരവും താഴെപ്പറയുന്ന ഗ്രാന്റുകളുടെ ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നുവെങ്കിലും ആയത് ഗ്രാന്റ് വിനിയോഗ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | അക്കൌണ്ട്സ്/ എ.സി. ആർ | ഗ്രാന്റ് വിനിയോഗ |
|---|---|---|

| | പ്രകാരം ചെലവ് | പത്രിക പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 10187030 | 10721301 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19492138.85 |
| വരവ് | 57606806 |
| ആകെ | 77098944.85 |
| ചെലവ് | 62159740 |
| നീക്കിയിരിപ്പ് | 14939204 |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1536819 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12887436 | 12887436 | 10187030 | 11868706 | നീക്കിയിരിപ്പ് തുകയിൽ ക്യൂ ബിൽആയ 202200/- രൂപയും ഉൾപ്പെട്ടിട്ടുണ്ട് |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8272647 | 8272647 | 5099928 | 3672719 | നീക്കിയിരിപ്പ് തുകയിൽ ക്യൂ ബിൽആയ 808023/- രൂപയും ഉൾപ്പെട്ടിട്ടുണ്ട് |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 164000 | 164000 | 52722 | 11278 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8620000 | 8620000 | 4758509 | 3861491 | നീക്കിയിരിപ്പ് തുകയിൽ ക്യൂ ബിൽആയ 275981/- രൂപയും ഉൾപ്പെട്ടിട്ടുണ്ട് |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 3250983 | 17 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8211024 | 8211024 | 4012483 | 4198541 | നീക്കിയിരിപ്പ് തുകയിൽ ക്യൂ ബിൽആയ1406457/- രൂപയും ഉൾപ്പെട്ടിട്ടുണ്ട് |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 72981970 | 98 | 37024508 | 60 | 11 | 93% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 79541.85 | 742176 | 821717.85 | 66307 | 755410.85 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13842628 | 13842628 | 13842628 | 0 |
| ആകെ | 79541.85 | 14584804 | 14664345.85 | 13908935 | 755410.85 |

# I-14 A പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവായി 13913935/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് . എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ഉൽസവ ബത്ത ഇനത്തിൽ ഗുണഭോക്താകളുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുകയിൽ 5000/- രൂപാ തിരികെ ലഭിച്ചിട്ടുണ്ട് . ഈ തുകകൂടി ഉൾപ്പെടുത്തി I-14 A യിൽ ചിലവ് രേഖപ്പെടുത്തിയതുകൊണ്ടാണ് പട്ടികയിലെ ആകെ ചിലവുമായി 5000/- രൂപാ വ്യത്യാസപ്പെട്ടിരിക്കുന്നത്. തിരികെ ലഭിച്ച 5000/- രൂപ ബാലൻസ് ഷീറ്റ് B 9 ഷെഡ്യൂളിൽ Other Liabilities എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുണ്ട് .

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 125520 | 85 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6388200 | 754 |
| അവിവാഹിത പെൻഷൻ | 297600 | 47 |
| വാർദ്ധക്യകാലപെൻഷൻ | 11570700 | 1501 |
| വികലാംഗപെൻഷൻ | 1922100 | 238 |
| വിധവാ പെൻഷൻ | 53484000 | 764 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.03.2021 തീയതിയിൽ 1:00 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,624/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലാന്റ് ആസ്തികൾ ഉൾപ്പെടെയുള്ളവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

**വൗച്ചറുകളുടെ സൂക്ഷിപ്പ്:** വികസന ഫണ്ടിൽ നിന്നുമുള്ള പല ചെലവുകളും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ വൗച്ചറുകൾ ഫയലിനൊടൊപ്പം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:** വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തുന്നില്ല.

**വർക്കിംഗ് ഗ്രൂപ്പുകൾ:** ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

**ഗ്രാമസഭ:**2019-20 വർഷത്തേക്കായി 14 വാർഡുകളിലും രണ്ട് തവണ മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. 23.02.2019 ഗുണഭോക്തൃ ഗ്രാമസഭയും 8/19 ൽ തൊഴിലുറപ്പ് തൊഴിലാളി ഗ്രാമസഭയും മാത്രമാണ് കൂടിയിട്ടുള്ളത്.

**പ്രൊക്യൂർമെന്റ് കമ്മിററി:** പ്രൊക്യൂർമെന്റ് കമ്മറ്റി 3.08.19ൽ കൂടിയിട്ടുണ്ടെങ്കിലും മിനിറ്റ്സിൽ സാക്ഷ്യപ്പെടുത്തലില്ല. എല്ലാ വാങ്ങലും പൊക്യൂർമെന്റ് കമ്മറ്റിയിൽ പരിഗണിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2021 | 01/2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2017 മുതൽ 05.04.2017 വരെ | 2011-12 മുതൽ 2015-16 വരെ | 24.05.2017 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഗ്രാമ പഞ്ചായത്തിലെ 2019-20 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും ഈടാക്കാത്തതായും, നികുതി ഡിമാന്റ് ചെയ്യാത്തതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തില്ല.

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | ഡിമാൻഡ് ചെയ്യാത്ത അർദ്ധവർഷം |
|---|---|---|
| 1 | PMDUPS ചേപ്പാട് | രണ്ടാം അർദ്ധവർഷം |
| 2 | മിനി മുത്തൂറ്റ് നിധി ചേപ്പാട് | രണ്ടാം അർദ്ധവർഷം |
| 3 | ആലപ്പി സർവോദയാ സംഘ് , കണിച്ചനെല്ലൂർ. | രണ്ടാം അർദ്ധവർഷം |
| 4 | പോസ്റ്റ് ഓഫീസ്, മുട്ടം | രണ്ടാം അർദ്ധവർഷം |
| 5 | സർവീസ് കോപ്പറേറ്റീവ് ബാങ്ക് , ചേപ്പാട് . | രണ്ടാം അർദ്ധവർഷം |
| 6 | സർവീസ് കോപ്പറേറ്റീവ് ബാങ്ക് , വലിയകുഴി. | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 7 | അഥീന ട്യൂഷൻ സെൻറർ , മുട്ടം | ഒന്നാം അർദ്ധവർഷം |

2.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടും ഉക പഞ്ചായത്തിൽ ഒടുക്കിയില്ല .

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | ഡിമാൻഡ് ചെയ്ത ഉക / അർദ്ധവർഷം |
|---|---|---|
| 1 | മുട്ടം ദേവസ്വം | 2500 / രണ്ട് അർദ്ധവർഷവും |
| 2 | കണിച്ചനെല്ലൂർ ദേവസ്വം | 2000 /രണ്ട് അർദ്ധവർഷവും |
| 3 | കാഞ്ഞൂർ ദേവസ്വം | 10,000 /രണ്ട് അർദ്ധവർഷവും |
| 4 | വെട്ടികുളങ്ങര ദേവസ്വം | 6,250 / ഒന്നാം അർദ്ധവർഷം |
| 5 | GLPS കണിച്ചനെല്ലൂർ | 5750 / ഒന്നാം അർദ്ധവർഷം |

3, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി ട്രഷറി അക്കൌണ്ട് വഴി ഒടുക്ക് വരുത്തിയതായിട്ടാണ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ഉക പഞ്ചായത്തിൻറെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഉക ക്രഡിറ്റായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം: | സ്ഥാപനത്തിന്റെ പേര് | ട്രഷറി വഴി തൊഴിൽ നികുതി ഒടുക്കിയ ഉക |
|---|---|---|
| 1 | ബഥനി ബാലികാ മഠം ഹൈസ്കൂൾ | 49,500/- |
| 2 | ക്രൈസ്റ്റ് കിങ് ഹയർ സെക്കണ്ടറി സ്കൂൾ , ചേപ്പാട് | 21,280/- |

4, പഞ്ചായത്തിന്റെ 2019-20 ലെ തൊഴിൽ നികുതി രജിസ്റ്ററിലെ ഡി. സി. ബി സ്റ്റേറ്റ്മെൻറ് പ്രകാരം ഡിമാൻറ് 8,77,480 /- രൂപയും , കളക്ഷൻ 7.87,230 /- രൂപയും , ബാലൻസ് 90,250 /- രൂപയും ആണ്.

മേൽസൂചിപ്പിച്ച അപാകതകൾക്കും, തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഉക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാൻആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 11 തീയതി 26-03-2021 ) നാളിതുവരെ മറുപടി നൽകിയില്ല.

## 1-12 ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഈടാക്കിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും, ലൈസൻസ് സംബന്ധിച്ച ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ, മാവേലി സ്റ്റോറുകൾ, കള്ള് ഷാപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസും, ജീവനക്കാരുടെ തൊഴിയിൽ നികുതിയും ഇടാക്കിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെയും നികുതി/ഫീസ് ഈടാക്കാത്ത സ്ഥാപനങ്ങളുടെ പേരിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരങ്ങളും ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ :6 തീയതി 23-03-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് കുറവ് ഈടാക്കി - പഞ്ചായത്തിന് വരുമാന നഷ്ടം.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ കാണുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച 1-10-2017 ലെ ഭേദഗതി ചട്ടങ്ങൾ (ചട്ടം 7) പ്രകാരം മൈക്രോ എൻറർപ്രൈസസ് വിഭാഗത്തിൽ സേവന മേഖലയിൽ ( മൂലധന നിക്ഷേപം 10 ലക്ഷം ) , ഉല്പാദന മേഖലയിൽ ( മൂലധന നിക്ഷേപം 25 ലക്ഷം ) ഈടാക്കേണ്ട വാർഷിക ലൈസൻസ് ഫീസ് 500/- രൂപാ ആണ് എന്നാൽ ടി മേഖലയിൽപെട്ട വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 500/- രൂപയിൽ കുറവ് ഫീസ് ആണ് ഈടാക്കിയിരിക്കുന്നത്. ചില ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അന്വേഷണ റിപ്പോർട്ട് പ്രകാരം) | ഇടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | എച്ച്. എച്ച് . ഹോളോ ബ്രിക്ക്സ് | 5 ലക്ഷം | 500 | 300 |
| 2 | എച്ച്. എച്ച് . ട്രേഡേഴ്സ് | 7 ലക്ഷം | 500 | 400 |
| 3 | കെ.കെ. സാ മിൽസ് | 10 ലക്ഷം | 500 | 300 |
| 5 | ത്രിവേണി സൂപ്പർ മാർക്കറ്റ് | 6 ലക്ഷം | 500 | 300 |

കൂടാതെ ഭാഗ്യാ ബ്ളോക്ക് ( മൂലധന നിക്ഷേപം 10 ലക്ഷം ) എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല .

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നല്കണമെന്ന് ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:5 തീയതി 23-03-2021) നാളിതുവരെ മറുപടി നൽകിയില്ല.

## 1-14 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-2020 ൽ 15 പ്രവൃത്തികളിൽ ഇ ടെണ്ടർ, റീ-ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാർ ഇ-ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ തുകകളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. 2015-16 വർഷം മുതലുള്ള തുകകൾ ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. 2015-16 വർഷം മുതൽ 2019-2020വർഷം വരെ ആകെ എത്ര തുകകളാണ് ഇപ്രകാരം ഒടുക്കിയതെന്ന് കണ്ടെത്തേണ്ടതും തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ വീഴ്ച - (OS No.42/2012, AS No.21/2018) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യ മാർക്കറ്റ് എന്നിവ നിലനിൽക്കുന്ന സ്ഥലത്തിൽ കൂടി വഴി ആവശ്യപ്പെട്ട് ഹരിപ്പാട് മുൻസിഫ് കോടതിയിൽ നൽകിയ ( OS No.42/2012) കേസിൽ, 20.12.17 ൽ

പഞ്ചായത്തിന് അനുകൂലമായി വിധി ഉണ്ടായതിനെ തുടർന്ന് പരാതിക്കാരി മാവേലിക്കര അഡീഷണൽ ജില്ലാ കോടതിയിൽ അപ്പീൽ പോകുകയുണ്ടായി. മാവേലിക്കര മീഡിയേഷൻ സബ് സെന്ററിൽ വെച്ച് നടന്ന ഒത്ത് തീർപ്പ് ചർച്ചയിലെ വ്യവസ്ഥകൾ മാവേലിക്കര അഡീഷണൽ ജില്ലാ കോടതിയുടെ 17.10.2018ലെ വിധിയിൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നാഷണൽ ഹൈവേ സൈഡിൽ നിന്നും 3മീറ്റർ വീതിയിൽ വസ്തു വിട്ടുനൽകുമ്പോൾ അതിനു പകരമായി പരാതിക്കാരന്റെ വസ്തുവിൽ നിന്നും ഭൂമി വിട്ടുനൽകുന്നതിനാണ് പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനം (31.01.2018 (നം.7), 18.06.2018-10(1) )എടുത്തിരിക്കുന്നത്. പഞ്ചായത്ത് കമ്മറ്റി തീരുമാനം പരിഗണിച്ചാണ് ഇപ്രകാരം 17.10.2018ൽ വിധി ഉണ്ടായിരിക്കുന്നത്. അപാകതകൾ താഴെ കൊടുക്കുന്നു.

1.അപ്പീൽ വിധി വരുന്നതിന് മുൻപ് തന്നെ ഇപ്രകാരം ലാന്റ് വാല്യൂവുള്ള ഭൂമി വിട്ടുകൊടുത്ത് താരതമ്യേന വില കുറവായ ഭൂമി ഏറ്റെടുക്കുവാനുള്ള ഒത്ത്തീർപ്പിന് പഞ്ചായത്ത് തയ്യാറായതിന്റെ കാരണം വ്യക്തമല്ല.

2.പഞ്ചായത്തിന്റെ വരുമാനത്തിന് ഭംഗം വരുന്ന രീതിയിലുള്ള 17.10.2018ലെ വിധിയിൽ പഞ്ചായത്ത് ഇതേ വരെയും അപ്പീൽ പോയിട്ടില്ല.

3.ഓഡിറ്റിന് ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ഈ സ്ഥലം പഞ്ചായത്തിന്റെ ലാന്റ് ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.

ഈ സ്ഥലം പഞ്ചായത്തിന്റെ ലാന്റ് ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ സ്ഥലത്തിന്റെ വിസ്തീർണ്ണം വ്യക്തമല്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ഹാജരാക്കിയില്ല. ഇത് വരെയും തുടർ നടപടികൾ സ്വീകരിച്ചില്ല എന്നത് ഭരണസമിതിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. അടിയന്തിരമായി സ്ഥാപനത്തിന്റെ ആസ്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (S0097/17,120/20) – ഇതേ വരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് രണ്ടിടങ്ങളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് നിർമ്മാണത്തിനായി ശുചിത്വമിഷൻ ഫണ്ട്, തദ്ദേശഭരണ വിഹിതം എന്നിവ വകയിരുത്തി തയ്യാറാക്കിയ പദ്ധതിക്കായി 2018-19,2019-20വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിരുന്നു.

| ബിൽ നം, ചെക്ക് നം | ഫണ്ടിന്റെ വിവരം | ചെലവഴിച്ച തുക |
|---|---|---|
| ബിൽ നം.3/26.05.18 | ധനകാര്യകമ്മീഷൻ അവാർഡ് | 140000 |
| ചെക്ക് നം.584789/28.03.19 | ശുചിത്വമിഷൻ ഫണ്ട് | 228657 |
| ചെക്ക് നം.860526/17.10.19 | ശുചിത്വമിഷൻ ഫണ്ട് | 271343 |
| ബിൽ നം.27/17.10.19 | ധനകാര്യകമ്മീഷൻ അവാരഡ് | 42249 |
| | ആകെ | 682249 |

ഗ്രാമപഞ്ചായത്തിന്റെ മത്സ്യമാർക്കറ്റ്, ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലാണ് യൂണിററ് സ്ഥാപിച്ചിരിക്കുന്നത്. ആകെ 4ബിന്നുകൾ വീതമുള്ള രണ്ട് യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയാണ്. വളരെ അടിയന്തിര പ്രാധാന്യമുള്ള വിഷയവുമാണ്, പ്രത്യേകിച്ച് മത്സ്യമാർക്കറ്റിൽ. ആയതിനാൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ 682249 രൂപയുടെ ആസ്തി നിഷക്രിയമായി നിലനിൽക്കുന്നു.

## 1-17 ഹരിതകർമ്മസേനയുടെ പ്രവർത്തനം സുതാര്യമല്ല.

ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളാണുള്ളത്. പഞ്ചായത്ത് കമ്മറ്റിയുടെ 17.11.17 2(1) ലെ തീരുമാനം പ്രകാരം 28 പേരെ ഉൾപ്പെടുത്തി ഹരിതകർമ്മ സേന രൂപീകരിച്ചു. യൂസേഴ്സ് ഫീസായി 20 രൂപാ വീതം ഓരോ വീടുകളിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു. 2018 ഓഗസ്റ്റ് മാസം മുതൽ 2019 മേയ് വരെയുള്ള മാസങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എത്തിച്ചതിനായി 160000 രൂപ, ബിൽ നം 15/28.09.18 പ്രകാരം പിൻവലിച്ചിട്ടുമുണ്ട്. അനുബന്ധ ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 12.03.18 ൽ 30 (1-3000)രസീത് ബുക്കുകളും 24.11.18 ൽ 33 (3001-6300) രസീത് ബുക്കുകളും സ്റ്റോക്കിലെടുത്തിട്ടുണ്ട്. 30 രസീത് ബുക്കുകളിൽ 18 രസീത് ബുക്കുകളും 33 രസീത് ബുക്കുകളിൽ 8 രസീത് ബുക്കുകളും മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. രസീതിന്റെ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.ശേഖരിച്ച പ്ലാസ്റ്റിക്കിന്റെ അളവ് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ശേഖരിച്ച പ്ലാസ്റ്റിക്കുകൾ എപ്രകാരം നീക്കം ചെയ്തുവെന്നും വ്യക്തമല്ല.

3.12.4.19 നു ശേഷം 09.12.19, 14.01.20 തീയതികളിൽ ഹരിതകർമ്മസേനാംഗങ്ങൾക്കായി യോഗം കൂടിയിട്ടുണ്ട്. അതിനു ശേഷം യോഗം കൂടിയിട്ടില്ല.

4.2018 ഓഗസ്റ്റ് മാസം മുതൽ 2019 മേയ് വരെയുള്ള മാസങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എത്തിച്ചതിനായാണ് 160000 രൂപ( ബിൽ നം 15/28.09.18) ചെലവഴിച്ചിട്ടുള്ളത്.

5.29.10.2019 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഹരിതകർമ്മസേനയെ സഹായിക്കുവാൻ നേച്ചർ റിസോഴ്സ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി കരാർ വെക്കാൻ തീരുമാനിക്കുകയും 14.11.2019 ൽ കരാർ ചമച്ചിട്ടുമുണ്ട്. ഒക്ടോബർ 2020വരെയായിരുന്നു കരാർ കാലാവധി. 3 ടൺ പ്ലാസ്ററിക് പ്രതിമാസം നൽകേണ്ടതുമാണ്. ഏറ്റെടുക്കുന്ന പാഴ് വസ്തുക്കൾക്കായി വിലയും കരാറിൽ നിശ്ചയിച്ചിരുന്നു. എന്നാൽ ഇപ്രകാരം തുകയൊന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചതായി കണ്ടില്ല. എത്ര പ്ലാസ്റ്റിക് നൽകിയെന്നും വ്യക്തമല്ല.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല. രസീത് ബുക്കുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല. തുകയുടെ കളക്ഷൻ രജിസ്ററർ, ശേഖരിച്ച പ്ളാസ്റ്റിക്കിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവയും ഹാജരാക്കിയില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 160000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

താഴെ പേരു ചേർക്കപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചു നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് PWD മാനുവൽ സെക്ഷൻ 2116.1പ്രകാരം അധികമായി എടുക്കുന്ന ഓരോ ആഴ്ചക്കും PACയുടെ 0.1% നിരക്കിൽ (പരമാവധി 10%) തുക ലികിഡേറ്റഡ് ഡാമേജും (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണ്.

| | പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര്/കരാർ തീയതി | പി.എ.സി | പൂർത്തീകരണ കാലയളവ് | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ(PAC യുടെ 3% ) |
|---|---|---|---|---|---|---|---|
| 1 | പന്നാംകുളങ്ങര ഭാഗത്ത് അഴുക്ക്ചാൽ നിർമ്മാണം | ബാലകൃഷ്ണൻ 04.12.18 | 237500(എസ്റ്റിമേറ്റ് നിരക്ക്) | 4 മാസം | 3.4.2019 | 26.07.19 | 7125 |
| 2 | കൊച്ചചുവീട്ടിൽ ഭാഗത്ത് നിന്നും തെക്കോട്ട് അഴുക്ക് ചാൽ നിർമ്മാണം | ബാലകൃഷ്ണൻ 04.12.18 | 194000 | 4 മാസം | 3.4.2019 | 22.07.19 | 5820 |
| 3 | ആയുർവേദാശുപത്രി അറ്റകുറ്റപ്പണി | ജയചന്ദ്രൻ 12.01.18 | 435887(7.6%471739) | - | 12.03.18 | 21.03.19 | 13077 |

മേൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷകൾ ലഭിക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല. ആയുർവേദാശുപത്രി അറ്റകുറ്റപ്പണി എന്ന പ്രവൃത്തി റിവൈസ് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി (25.01.2019ലെ I(6))തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി കരാർ ചമച്ചിട്ടില്ല. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് തീരുമാനമെടുത്തിരിക്കുന്നത്. കാലതാമസം സംബന്ധിച്ച് യാതൊരു റിപ്പോർട്ടും ഫയലിലില്ല. ഫയലുകളിൽ ഓഫീസ് കുറിപ്പുകൾ രേഖപ്പെടുത്തുന്നുമില്ല. മേൽ പറഞ്ഞ കാരണങ്ങളാൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സ്ട്രീറ്റ് ലൈറ്റ് കൃത്യമായി മീറ്ററിംഗ് ഇല്ല കറണ്ട് ചാർജ്ജിൽ ഇരട്ടിപ്പുണ്ടാവുന്നു

ചേപ്പാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 രീതിയിലാണ് തെരുവു വിളക്കുകളുടെ ബില്ലിംഗ് നടത്തുന്നത് മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റും അൺ മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റും.പ്രതിമാസം 71891/-രൂപയോ അതിന് മുകളിലോ കൺസ്യൂമർ നം. 1155300001852 അൺ മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റിനത്തിൽ കെഎസ്ഇബി യിലേയ്ക്ക് പ്രതിമാസം അടയ്ക്കന്നുണ്ട്.അതു പോലെ തന്നെ മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ (22 കൺസ്യൂമർ നമ്പരുകൾ ) പ്രതിമാസം 11000/- രൂപയ്ക്ക് മുകളിൽ അടയ്ക്കുന്നുണ്ട്.കെഎസ്ഇബി യിലേയ്ക്ക് സാമ്പത്തികവർഷം സ്ട്രീറ്റ് ലൈറ്റിനത്തിൽ അടച്ച തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/24-03-2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.മീറ്റർ സ്ഥാപിയ്ക്കാതെയുള്ള തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് പ്രതിമാസം അടയ്ക്കുന്നതിനൊപ്പം ടി തുകയിൽ കുറവുവരുത്താതെ മീറ്റേർഡ് ബിൽ പ്രകാരം തുക പ്രത്യേകമായും ഒടുക്കുന്നുണ്ട്. ഇത് ഇരട്ടിപ്പിന് ഇടയാക്കിയിട്ടുണ്ട്. ടി വിവരം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1-24 ൽ ടി വിവരം പരാമർശിച്ചിട്ടുള്ളതുമാണ്.എന്നാൽ നാളിതുവരെയും ടി വിഷയത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

14/01/2019 തീയതിയിലെ ഡിബി7/പിപിഎസ്/സ്ട്രീറ്റ് ലൈറ്റ്/2018-19/148 നം കത്തും.,25/05/2019ലെ ജി.ബി./ഇഡിഎച്ച്/തെരുവ് വിളക്ക്-പരാതി/ചേപ്പാട് 2019-20 നം കത്തും പ്രകാരം പഞ്ചായത്തിന്റെ

കീഴിലുള്ള പോസ്റ്റുകളിൽ 32 മീറ്റർ സ്ഥാപിയ്ക്കേണ്ടിടത്ത് 18 മീറ്റർ മാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നും ബാക്കി മീറ്റർ കൂടി സ്ഥാപിച്ചാൽ മാത്രമേ പൂർണ്ണമായും മീറ്റർ അധിഷ്ഠിത ബില്ലിംഗിലേയ്ക്ക് മാറാൻ സാധിയ്ക്കു എന്നും താൽക്കാലിക പരിഹാരം ഉണ്ടാക്കാം എന്നും അറിയിച്ചിരുന്നു.കെഎസ്ഇ ബിയുടെ 08/08/2019ലെ DB:7/PPS/Cheppad GP/19-20/15 നം കത്ത് പ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്ന തീയതി അറിയിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും ടി കത്തിന് മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ അധിക തുക ഒടുക്കുവരുത്തേണ്ടിവരുമ്പോഴും സംയുക്തപരിശോധന നടത്താൻ തീയതി നൽകാൻ കെഎസ്ഇബി ആവശ്യപ്പെട്ടിട്ടും അതിന് മറുപടി നൽകാഞ്ഞത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് .ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം8/24/03/21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് സംയുക്തപരിശോധന നടത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കുന്നതിനൊപ്പം ബിൽ ഇരട്ടിപ്പുമൂലമുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിയ്ക്കേണ്ടതും, ബാക്കിയുള്ള പോസ്റ്റുകളിൽ മീറ്റർ സ്ഥാപിയ്ക്കാനുള്ള നടപടികൾ അടിയന്തിരമായി കൈക്കള്ളാനും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.സംയുക്തപരിശോധന നടത്തി ബിൽതുക അഡ്ജസ്റ്റ് ചെയ്ത്,മീറ്റർ സ്ഥാപിച്ച് ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മറ്റി (പി.എം.സി ) യഥാസമയം യോഗം കൂടുന്നില്ല

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിന് മുൻപും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർ പേഴ്സസൺ ആയും, മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറി ആയും പി.എം.സി രൂപീകരിക്കണമെന്നും, രണ്ടു മാസത്തിൽ ഒരിക്കൽ പി.എം.സി യോഗം ചേരേണ്ടതാണെന്നും 07-03-2019 ലെ സ.ഉ (സാധാ) നം.553 /2019/തസ്വഭവ എന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖയിൽ നിഷ്കർഷിക്കുന്നു .

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ, 07-02-2019 ൽ ചേർന്ന 2018 -19 ലെ അവസാന യോഗത്തിന്റെ മിനിറ്റ്സിൽ പുതിയ കമ്മറ്റി രൂപീകരിച്ചതിനെ സംബന്ധിച്ച് പരാമർശമില്ല. 2019-20 വർഷത്തിൽ 04-09-2019 ലെ ആദ്യ യോഗത്തിന് ശേഷം 06-01-2020 ൽ മാത്രമാണ് പിന്നീട് യോഗം ചേർന്നത്. ഇത് 2 മാസത്തിൽ ഒരിക്കൽ യോഗം ചേരണം എന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമാണ്. പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിലെ അപാകങ്ങൾ പരിഹരിക്കുന്നതിനും, പദ്ധതി ഏകോപിപ്പിക്കുന്നതിനായും കൃത്യമായ കാലയളവിൽ പി.എം.സി യുടെ യോഗം ചേരേണ്ടത് അത്യന്താപേക്ഷിതം ആണ്. മേൽസൂചിപ്പിച്ച പി.എം.സി പ്രവർത്തനങ്ങളുടെ അപാകങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-21 ധനവിനിയോഗപത്രം ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു

1)പ്രോജക്ട് നം :-S0005/20

പ്രോജക്ടിന്റെ പേര്:-തെരുവ് വിളക്കുകൾ ലൈൻ ദീർഘിപ്പിയ്ക്കൽ

അടങ്കൽ തുക:- 1421278/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ജില്ലാ പഞ്ചായത്ത് വിഹിതം 985589/-ആകെ2406867/-

നിർവ്വഹണോദ്യോഗസ്ഥൻ :-സെക്രട്ടറി

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിയ്ക്കുന്നതിനായി ലൈൻ ദീർഘിപ്പിയ്ക്കുന്നതിന് വേണ്ടി

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിയ്ക്കൽ എന്ന പ്രോജക്ട് (S0005/20)
പ്രകാരം കെ.എസ്.ഇ.ബി യിലേയക്ക് 2406867/- രൂപ അടച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ .

| ക്രമ നം | ബിൽ നം തീയതി | അടച്ച തുക |
|---|---|---|
| 1 | 1907095201080065858 2<br>09/10/2019 | 650000 |
| 2 | 19070..............815261<br>13/11/2019 | 490000 |
| 3 | 19070...........815268<br>13/11/2019 | 281278 |
| 4 | 19070.............817198<br>13/11/2019 | 492794 |
| 5 | 19070...........817164<br>13/11/2019 | 492795 |
| | ആകെ | 24,06,867/- |

എന്നാൽ ഈ ജോലികൾ ഭാഗീകമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ചേപ്പാട് ഗ്രാമപപഞ്ചായത്തിലെ (പള്ളിപ്പാട് ഇലക്ട്രിയ്ക്കൽ സെക്ഷനിലെ )1,2,3,4,5,8,10 എന്നീ വാർഡുകളിലെ 982619/-രൂപയുടെ ജോലികളുടെ ധനവിനിയോഗപത്രവും(06/05/2020ലെ DB9/PPD/20-21/UTSN-CT/82),പഞ്ചായത്തിലെ 4 മുതൽ 7വഷൻ തട്ടാരമ്പലം/ചേപ്പാട് ജിപി/202-21/23) മാത്രമേ ഹാജരാക്കിയിട്ടുള്ളു.(ആകെ 1234667/-രൂപ.)ബാക്കി

11,72,200/- രൂപയുടെ ജോരെ വാർഡുകളിലെ 252048/-രൂപയുടെ ജോലികളുടെ ധനവിനിയോഗസാക്ഷ്യപത്രവും(30/04/2020ലെ എഇ/ഇല.സെക്ഷികൾ പൂർത്തീകരിച്ചിട്ടില്ല.ജോലികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 11,72,200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2)പ്രോജക്ട് നം :-S0004/20

പ്രോജക്ടിന്റെ പേര്:-ഇലക്ട്രിയ്ക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ

അടങ്കൽ തുക:- 50000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണോദ്യോഗസ്ഥൻ :-സെക്രട്ടറി

2019-20 വർഷം ചേപ്പാട് ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിയ്ക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കൽ എന്ന പ്രോജക്ട് (04/20) പ്രകാരം വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റി ഇടുന്നതിനായി കെ.എസ.ഇ.ബി യിലേയക്ക് 49633/- രൂപ 12/11/2019 ലെ ട്രഷറി ബിൽ നം 19070952010800806631 പ്രകാരം ട്രാൻസ്ഫർ&ക്രെഡിറ്റ് ചെയ്തിട്ടുണ്ട്,എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ടി ജോലികൾ പൂർത്തീകരിച്ചതായി കാണുന്നില്ല, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/26-03-31ന് മറുപടി ലഭ്യമാക്കിയിട്ടില്ല .ജോലികൾ പൂർത്തീകരിച്ച്, ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 49633/-രുപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-22 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ചെലവിന്റെ നിജസ്ഥിതി ബോധ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 190 ടാപ്പുകൾക്ക് പ്രതിമാസം 83125 രൂപ വീതം (ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ) വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിപ്പോരുന്നത്. 2019-20 വർഷം വാർഷിക കണക്കുപ്രകാരം വാട്ടർ ചാർജിനത്തിൽ ആകെ 6,90,971 രൂപയോളം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, മുൻകുടിശ്ശിക എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ കൈവശം കണക്കുകളില്ല. വെള്ളക്കരം സംബന്ധിച്ച ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനും ബോധ്യമായിട്ടില്ല. . എന്നാൽ ഓരോ മാസവും ഇതിനായി ചെലവഴിക്കുന്ന തുക ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ വെള്ളക്കരം സംബന്ധിച്ച് പ്രത്യേക ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഓരോ വർഷവും 6.9 ലക്ഷത്തോളം രൂപ വാട്ടർചാർജിനത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, പ്രസ്തുത ടാപ്പുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നിവ സംബന്ധിച്ച കണക്കുകൾ ഗ്രാമപഞ്ചായത്തിലില്ല.ഇത് സംബന്ധിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വിവരം ശേഖരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകരിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വാട്ടർ അതോറ്റിയുമായി ചേർന്ന് പരിശോധന നടത്തുന്നതിന് അതാത് വാർഡ് മെമ്പർമാരെയും പരിശോധനയുടെ വിവരം വാട്ടർ അതോറിറ്റി അധികൃതരെ അറിയിക്കുന്നതിന് സെക്രട്ടറിയെയും ചുമതലപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി കൂടി തീരുമാനമെടുക്കേണ്ടതാണ്. ജി.ഒ(ആർ.ടി)നം.1501/2006/തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. 28.09.2011ലെ ജി.ഒ(ആർ.ടി)2242/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമല്ല. ആയതിനാൽ സംയുക്ത പരിശോധനയിലൂടെ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരമിനത്തിലുള്ള ചെലവിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും വാട്ടർ ചാർജ് സംബന്ധിച്ച് പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-23 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ ഡെപ്പാസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2015-16, 2016-17 വർഷങ്ങളിലെ ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | ഡെപ്പോസിറ്റ് സ്വീകരിച്ച തീയതി | രസീത് നം | ഉദ്ദേശം | തുക |
|---|---|---|---|---|
| 1 | 19-08-15 | 11501101438 | ബിഡ്ലേഴ്സ് ഇഎംഡി | 1000 |
| 2 | 19-08-15 | 11501101439 | ബിഡ്ലേഴ്സ് ഇഎംഡി | 1000 |
| 3 | 15-1-16 | 11501102633 | എംജിഎൻആർഇജി എസ് നടപ്പാത | 200 |
| 4 | 15-2-17 | 11601103897 | | 3000 |

| | | | | |
|---|---|---|---|---|
| | | | സ്മാർട്ട് ടെക്നോളജീസ് ഇഎംഡി | |
| 5 | 15-2-17 | 11601103897 | സ്മാർട്ട് ടെക്നോളജീസ് ഇഎംഡി | 8750 |
| 6 | 15-2-17 | 11601103907 | വിഎസ് കെ ഹോംഷോപ്പി ഇഎംഡി | 1652 |
| 7 | 31.1.17 | 11601103714 | രാജേന്ദ്രൻ ഇഎംഡി | 1500 |
| 8 | 02-04-16 | 11601100035 | റിറ്റെൻഷൻ | 1654 |
| ആകെ | | | | 18756 |

3 വർഷത്തിലധികമായി നിലനിൽക്കുന്ന ഡപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12/27-03-2021 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ടി തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-24 അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചില്ല

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ കർഷക തൊഴിലാളി പെൻഷൻ പരിശോധിച്ചതിൽ നിന്നും ടി പെൻഷൻ ഗുണഭോക്താവായ കുഞ്ഞമ്മ, വേളങ്ങാട്ട് ലക്ഷംവീട്ടിൽ എന്നയാൾ അനർഹമായി കർഷകതൊഴിലാളി പെൻഷൻ കൈപ്പറ്റിയതായി കാണുന്നു. 19/08/19ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തെടുത്ത അജണ്ട നം 2 (5)ാം നം തീരുമാനപ്രകാരം കുഞ്ഞമ്മ,വേളങ്ങാട്ട് ലക്ഷം വീട്ടിൽ എന്നയാൾ കുടുംബപെൻഷൻ കൈപ്പറ്റുന്നതിനാൽ , അനർഹമായി കൈപ്പറ്റിയ കർഷകതൊഴിലാളി പെൻഷൻ തിരികെ ഈടാക്കാൻ തീരുമാനമെടുത്തിരുന്നു.എന്നാൽ ശ്രീമതി കുഞ്ഞമ ഇത് വരെയും പെൻഷൻ തിരിച്ചടച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടിയാൾ കൈപ്പറ്റിയ പെൻഷൻ വിവരങ്ങളും, തിരിച്ചടച്ച വിവരങ്ങളും, ഗ്രാമപഞ്ചായത്തിൽ ഇത് പോലെ വേറെ ആരുടെയെങ്കിലും പെൻഷൻ റദ്ദാക്കിയിട്ടുണ്ടോ,എന്നുള്ള വിവരങ്ങളും ഇതിൽ സ്വീകരിച്ച നടപടികളം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം 17/29-03-21ക്ക് മറുപടി ലഭ്യമാക്കിയില്ല. ടിയാളുടെ കർഷക തൊഴിലാളി പെൻഷൻ റദ്ദ്ചെയ്യാൻ സ്വീകരിച്ച നടപടികളും, കൈപ്പറ്റിയ പെൻഷൻ തിരിച്ചടച്ച വിവരങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ പരിശോധനയും ഉപകരണം വാങ്ങലും - പദ്ധതി നടത്തിപ്പിൽ അപാകത .

പ്രോജക്ട് നമ്പർ - SO44/20

അടങ്കൽ - 190750/- (വികസനഫണ്ട് - സാധാരണവിഹിതം)

ബിൽ നമ്പർ - 7/18.09.2019 – 57092/-

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ടിലുൾപ്പെടുത്തി 57092/- രൂപയുടെ ഉപകരണങ്ങൾ കേരള സംസ്ഥാന ഹാൻഡികാപ്പ്ഡ് പേർസൺസ് വെൽഫയർ കോർപ്പറേഷനിൽ നിന്ന് വാങ്ങിയിരുന്നു. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചില ന്യൂനതകൾ ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് നിവാസിയല്ലാത്തയാൾക്ക് ആനുകൂല്യം നൽകി പ്രോജക്ടിലുൾപ്പെടുത്തി അക്കോമെഡേറ്റീവ് ഫുട്ട് വെയർ (Rs. 1394.4/-) നൽകിയ ജിജി, വാണിയപ്പുരയ്ക്കൽ എന്ന ഗുണഭോക്താവിന്റെ 889801615710 നമ്പർ ആധാറും 1420078174 നമ്പർ റേഷൻ കാർഡും പ്രകാരം ടിയാൾ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്. ചേപ്പാട് ഗ്രാമപഞ്ചായത്ത് നിവാസിയല്ലാത്തയാൾക്ക് ഉപകരണം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടിയാൾ 13 വർഷമായി ചേപ്പാട് ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിനെ സാധൂകരിയ്ക്കുന്നതിനായി വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വികലാംഗ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട Welfarepension.Lsgkerala.Gov.In എന്ന വിൻഡോ പരിശോധിച്ചതിൽ 104790400074 നമ്പർ പെൻഷൻ ഐ.ഡി. പ്രാകാരം ടിയാൾ 2/21 വരെയുള്ള വികലാംഗ പെൻഷൻ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ നിന്ന് കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ നിന്ന് ടിയാൾ രണ്ട് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നുവെന്നാണ് വ്യക്തമാകുന്നത്. വികലാംഗയായ ഒരാൾക്ക് നൽകിയ ആനുകൂല്യമായതിനാൽ ചെലവുതുക നിരാകരിയ്ക്കുന്നില്ല എങ്കിൽ പോലും ഗുണഭോക്താക്കളുടെ അർഹത കൃത്യമായി പരിശോധിച്ചതിനു ശേഷം ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

2. കോർപ്പറേഷന് പ്രോജക്ടിലുൾപ്പെടുത്തി 14 അക്കോമെഡേറ്റീവ് ഫുട്ട് വെയർ വാങ്ങിയെങ്കിലും വിതരണരേഖകൾ പരിശോധിച്ചതിൽ 13 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഉപകരണം വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് അലക്സാണ്ടർ,അനീഷ് വില്ല എന്ന ഗുണഭോക്താവിനായി വാങ്ങിയ ഉപകരണം അളവ് ശരിയാകാത്തതിനാൽ കോർപ്പറേഷന് തിരികെ നൽകിയെങ്കിലും തിരിച്ച് ലഭിച്ചില്ലെന്നും കോർപ്പറേഷനിൽ നിന്ന് ഉപകരണം ലഭിയ്ക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ കൈപ്പറ്റ് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. കോർപ്പറേഷന് ഉപകരണം തിരികെ ലഭിയ്ക്കുന്നതു വരെ ചെലവ് തുക Rs. 1394.4/- തടസ്സപ്പെടുത്തുന്നു.

## 1-26 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ്

ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉ(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 12 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. 2019-20വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പിലും അധിക നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും കൺവീനർ മിനിറ്റ്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ..സാമൂഹ്യക്ഷേമം, ആരോഗ്യം

വാർഷിക പദ്ധതി അംഗീകാരം ലഭിച്ച ശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്ത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-27 ഗ്രാമസഭ – അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലും നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-20 വർഷത്തേക്കായി 14 വാർഡുകളിലും രണ്ട് തവണ മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. 23.02.2019 ഗുണഭോക്തൃ ഗ്രാമസഭയും ഓഗസ്റ്റ് 2019 ൽ തൊഴിലുറപ്പ് തൊഴിലാളി ഗ്രാമസഭയും മാത്രമാണ് കൂടിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമ പ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടി ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-28 ലൈഫ് പദ്ധതി - അവലോകനം

വി.ഇ.ഒ നിർവ്വഹണ ഉദ്യാഗസ്ഥയായി 2019-20 വർഷം ജനറൽ വിഭാഗത്തിനും എസ് . സി /എസ്.ടി വിഭാഗങ്ങൾക്കും പ്രത്യേകമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട് .

1. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ/ എസ്സ്.സി. വിഭാഗത്തിനായി 2019-20ൽ നടപ്പാക്കിയ പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ജനറൽ

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 2150838 | 1340000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1100000 | 900000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | Nil | Nil |
| സംസ്ഥാന വിഹിതം | 1839285 | 1839285 |
| ഹഡ്കോ ലോൺ | 1220000 | 1220000 |

എസ്സ്.സി.

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | | |
| പുതിയത്<br>സ്പിൽ ഓവർ<br>സ്പിൽ ഓവർ | 1023100<br>264200<br>22300 | 985567<br>264200<br>22300 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം സ്പിൽ ഓവർ | | 300000 |
| ജില്ലാ പഞ്ചായത്ത് വിഹിതം സ്പിൽ ഓവർ | | 327933 |
| സംസ്ഥാന വിഹിതം | Nil | |
| ഹഡ്കോ ലോൺ | Nil | |

ജനറൽ വിഭാഗത്തിൽ 43 വീടുകളും എസ്സ്.സി. വിഭാഗത്തിൽ 17 വീടുകളും നിർമ്മിയ്ക്കുന്നതിനാണ് 2019-20 ൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ ജനറൽ വിഭാഗത്തിലെ 42ഉം എസ്സ്.സി. വിഭാഗത്തിലെ 14 വീടുകളും നിർമ്മാണം പൂർത്തീകരിക്കുന്നതിനായിട്ടുണ്ട്. ജനൽ വിഭാഗത്തിലുൾപ്പെടുന്ന മിനി, അശ്വിൻ നിവാസ്, വാർഡ് - 12 എന്ന ഗുണഭോക്താവ് 200000/- രൂപയും എസ്സ്.സി. വിഭാഗത്തിലെ ബിന്ദു, കുറ്റിയിൽ പടീറ്റതിൽ, വാർഡ് - 6 എന്ന ഗുണഭോക്താവ് 300000/- രൂപയും ബിന്ദു, സന്തോഷ് ഭവനം, വാർഡ് - 13 എന്ന ഗുണഭോക്താവ് 200000/- രൂപയും ധന്യ, പ്രദീപ് ഭവനം, വാർഡ് - 11എന്ന ഗുണഭോക്താവ് 200000/- രൂപയും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരുടെ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവർത്തികളുടെ എണ്ണം | 574 |
| ഏറ്റെടുത്ത പ്രവർത്തികളുടെ ആകെ എണ്ണം | 143 |
| സ്പിൽ ഓവർ പ്രവർത്തികളുടെ എണ്ണം | 20 |
| തൻവർഷം ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം | 123 |
| പൂർത്തീകരിച്ച പ്രവർത്തികളുടെ എണ്ണം | 85 |
| പൂർത്തീകരിയ്ക്കാത്ത പ്രവർത്തികളുടെ എണ്ണം | 58 |
| തൻവർഷം പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 56 |
| പുതിയതായി രജിസ്റ്റർ ചെയ്തതുൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | 3040 |
| തൻവർഷം പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 58 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം | 4 |
| തൻവർഷത്തെ ആകെ ചെലവ് | 13913935 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 11,00,000 | ലൈഫ് പദ്ധതി ജനറൽ | 9,00,000 | 2,00,000 |
| | 2019-20 | 4,00,000 | പാൽ സബ്സിഡി | 4,00,000 | 0 |
| | 2019-20 | 1,50,810 | സ്കോളർഷിപ് & ബത്ത | 150810 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000 | അങ്കണവാടി പോഷകാഹാരം | - | 1,00,000 |
| | 2019-20 | 985589 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 985589 | 0 |
| | 2019-20 | 150810 | സ്കോളർഷിപ് & ബത്ത | 150810 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് | വൈദ്യുത പോസ്റ്റ് മാറ്റി | | 49,633 | 49,633 | 0 |

| | | | | |
|---|---|---|---|---|
| ഇ ബി | സ്ഥാപിക്കൽ | | | |
| കെ എസ് ഇ ബി | തെരുവ് വിലക്ക് ലൈൻ ദീർഘിപ്പിക്കൽ | 2406867 | 2406867 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 1220000 രൂപ വരവുണ്ട്. മുൻബാക്കി 4960715 രൂപയടക്കം 6180715 രൂപയിൽ 661765 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്KURDFC ലോൺ | KURDFC | 1220000 | 496715 | 661765 | 0 | 5518950 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10811369 |
| ആകെ | 10811369 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3406639 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7404730 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് മുട്ടം | | 2019-20 | 7404730 | - |
| ആകെ | | | | 7404730 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 13920/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2/2(1) | 13920 | എക്സിക്യൂട്ടീവ് എഞ്ചിനീയർ , എൽ എസ് ജി ഡി , ആലപ്പുഴ | 11901050023/ 03.12.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാനവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-1 | 2017-18 | 2-1 | സ്റ്റാർ ഹോട്ടലിന്റെ നികുതി കടിശ്ശിക 24.9 ലക്ഷം | UA നമ്പർ നൽകിയത് ഒഴികെയുള്ള കെട്ടിടങ്ങളുടെ 2018-19 വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57606806 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62159740 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1696819 |

### (ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 313592 | അൻജിത്ത് ബി മോഹൻ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 160000 | നിഷ എൻ തയ്യിൽ,സെക്രട്ടറി |
| 1-21(1) | 1172200 | നിഷ എൻ തയ്യിൽ,സെക്രട്ടറി |
| 1-21(2) | 49633 | നിഷ എൻ തയ്യിൽ,സെക്രട്ടറി |
| 1-25(2) | 1394 | സുമ.ബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 1696819 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | **1-24,1-19** |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിഷ എൻ തയ്യിൽ,സെക്രട്ടറി | സെക്രട്ടറി,കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഇന്ദുഭം, വെട്ടുവേനി,ഹരിപ്പാട് |
| അൻജിത്ത് ബി മോഹൻ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വടകര മുനിസിപ്പാലിറ്റി | ഉഷസ്, കരുവാറ്റ |
| സുമ.ബി,ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,പള്ളിപ്പാട് | അശ്വതി, കണ്ടല്ലൂർ നോർത്ത്,പട്ടോളിമാർക്കറ്റ് |

**4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2006-07 | എൽ.എഫ്.ജി.എ5-1577/14, തീയതി 15.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ.പി4-496/13, തീയതി 12.08.2013 |
| 2011-12 | |
| 2012-13 | |

| | |
|---|---|
| | എൽ.എഫ്.എ-പി4-145/15, തീയതി 12.03.2015 |
| 2013-14 | കെ.എസ്.എ-എൽ.പി-പി4-1344/15, തീയതി 20.11.2015 |
| 2014-15 | |
| 2015-16 | കെ.എസ്.എ-എൽ.പി-പി4-1338/16 തീയതി 14.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.4-882/2017/06.07.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.4-10/2019/04.01.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി.4-408/2019/18.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്